രൂപയുംഅടക്കം കുറഞ്ഞതു 2.1 ലക്ഷം രൂപ വേണ്ടി വരും. 35 ലക്ഷം രൂപ ഒരു ഗ്രാമപഞ്ചായത്തിൽ ചെലവഴിച്ചാൽ മാത്രമേ അതിന്റെ 6 ശതമാനം തുക യായ 2.1 ലക്ഷം രൂപ ഭരണ ചെലവായി ലഭിക്കുകയുള്ളു, അതുകൊണ്ട് ചെലവ് കുറഞ്ഞ പഞ്ചായത്തുകളിൽ ജോലിഭാരം താരതമ്യേന കുറവായിരിക്കും എന്നതുകൊണ്ട് ഡേറ്റാ എൻട്രി ഓപ്പറേറ്ററെ ഏപ്രിൽ 1 മുതൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതില്ലായെന്നും അവരെ തന്നെ ജോലിയുടെ തോതനുസരിച്ച് ദിവസ വേതന അടിസ്ഥാന ത്തിൽ നിയമിക്കേണ്ടതാണെന്നും ഗ്രാമവികസന കമ്മീഷണർ നിർദ്ദേശം നൽകി യിട്ടുണ്ട്.

(എഫ്) ആരെയും ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. കരാർ നിയമനം പിൻവലിച്ച് ദിവസ വേതന അടിസ്ഥാനത്തിൽ തുടരാൻ അനുവദിച്ചിട്ടുണ്ട്.

(ജി) കേന്ദ്ര സർക്കാരിന്റെ ഭരണ ചെലവ് സംബന്ധിച്ച നിബന്ധനകൾ പാലിക്കുന്നതിന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ തീരുമാന മനുസരിച്ചാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(എച്ച്) പഞ്ചായത്തുകളുടെ പദ്ധതി ചെലവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ചെറുകിട കർഷകരുടെ കൃഷിയിടങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സേവനം

143 (4767) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കു ന്നതിനായി ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യ കൃഷിയിടങ്ങളി ലേയ്ക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സേവനം ലഭ്യമാക്കുന്ന തിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കർഷകരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഏതു തരത്തിലുള്ള പ്രവർത്തികളാണ് പ്രസ്തുത കൃഷിയിടങ്ങളി ലേയ്ക്ക് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 5 ഏക്കർ വരെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യ ഭൂമി യിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ജലസേചനം, ഭൂവികസനം, ഹോൾട്ടികൾച്ചർ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന് ഇതിനകം അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം ചെറുകിട നാമമാത്ര കർഷകർ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് ഉള്ള ആളും പ്രസ്തുത പ്രവൃത്തിയിൽ പണിയെടുക്കുന്ന ആളും അയിരിക്കണം.

(സി) ജലസേചനസൗകര്യം, ഭൂവികസനം, ഹോർട്ടികൾച്ചർ എന്നീ പ്രവർത്തികളാണ് ഏറ്റെടുക്കാവുന്നത്.

തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തരിശുഭൂമി കൃഷിയോഗ്യമാക്കാൻ നടപടി

144 (4768) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ തരിശായികിടക്കുന്ന കൃഷിഭൂമി കൃഷിയോഗ്യമാക്കുന്നത് അനുവദനീയമാണോയെന്നറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര ഏക്കർ ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തരിശ്ശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമാണ്.

(ബി) സംസ്ഥാനത്ത് 9205.24 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ മിനിമം കൂലി

145 (4769) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ മിനിമം കൂലി 200 രൂപയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന് മുമ്പാകെ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ; കേന്ദ്രഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ വകുപ്പ് 6 (1) പ്രകാരം മിനിമം വേതനം വിജ്ഞാപനം ചെയ്യുന്നത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ കൂലി ഉയർത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

LIBRARY ARCHIVES Kerala Legislative Assembly